പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6638 12.07.2012 -ലെ മറുപടി

വിദ്യാർത്ഥികൾക്ക് കൺസെഷൻ നിഷേധിക്കുന്നതായ പരാതി

ചോദ്യം

ശ്രീ. ഇ. ചന്ദ്രശേഖരൻ

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കാസർഗോഡ് ജില്ലയിലെ നിലേശ്വരത്തിനും കാഞ്ഞങ്ങാടിനും ഇടയിൽ കെ.എസ്.ആർ.ടി.സി ബസ്സുകളിൽ വിദ്യാർത്ഥികൾക്കുള്ള കൺസെഷനുള്ള മാനദണ്ഡം വിശദമാക്കുമോ; | (എ) യും (ബി) യും | നീലേശ്വരത്ത് നിന്നും കാഞ്ഞങ്ങാടിന് ഏതാണ്ട് 9 കിലോമീറ്റർ ദൂരമാണുള്ളത്. രണ്ട് മിനിറ്റ് ഇടവേളയിൽ സ്വകാര്യ ബസ്സുകൾ ഈ റൂട്ടിൽ സർവ്വീസ് നടത്തിവരുന്നുണ്ട്. കെ.എസ്.ആർ.ടി.സി. പല ഷെഡ്യൂളുകളിലായി മുപ്പതോളം ട്രിപ്പുകൾ മാത്രമെ ഈ റൂട്ടിൽ കൂടി നടത്തുന്നുള്ളൂ. മാത്രവുമല്ല വിദ്യാർത്ഥികൾ യാത്രചെയ്യുന്ന സമയങ്ങളിൽ ട്രിപ്പുകൾ കുറവുമാണ്. ആയതിനാൽ വ്യാപകമായി വിദ്യാർത്ഥികൾക്ക് കൺസെഷൻ ടിക്കറ്റ് ഈ റൂട്ടിൽ നൽകുവാൻ നിർവ്വാഹമില്ല. |
| (ബി) | പ്രസ്തുത റൂട്ടിൽ വിദ്യാർത്ഥികൾക്ക് കൺസെഷൻ നിഷേധിക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (സി) | സർവ്വീസ് നടത്തുന്നത് ഏത് ഡിപ്പോയിൽ നിന്നാണെന്ന് നോക്കാതെ ഈ റൂട്ടിലെ എല്ലാ ബസ്സുകളിലും കൺസെഷൻ അനുവദിച്ച് വിദ്യർത്ഥികളുടെ യാത്രാ പ്രശ്നം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | വിദ്യാർത്ഥികൾക്ക് കൺസെഷൻ ടിക്കറ്റ് അനുവദിക്കുന്നത് അവരുടെ വാസസ്ഥലത്തിന് സമീപമുള്ള ഡിപ്പോയിൽ നിന്നാണ്. ടൗൺ ടു ടൗൺ ഒഴികെയുള്ള ഓർഡിനറി സർവ്വീസുകളിൽ മാത്രമെ കൺസെഷൻ ടിക്കറ്റ് ഉപയോഗിച്ച് യാത്രചെയ്യാൻ വിദ്യാർത്ഥികളെ അനുവദിച്ചിട്ടുള്ളൂ. കൂടുതൽ ബസ്സുകൾ നിരത്തിൽ ഇറങ്ങുന്ന മുറയ്ക്ക് ഈ കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ